"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഹരിതകർമ്മസേനാംഗങ്ങളെ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നത് തടഞ്ഞുകൊണ്ട് നിർദ്ദേശം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1292/2021/ത.സ്വ.ഭ.വ 08/07/2021 തീയതി,തിരുവനന്തപുരം,

---

പരാമർശം:- 1 15.07.2017-ലെ സ.ഉ.(സാധാ)നം.2420/2017/തസ്വഭവ നമ്പർ ഉത്തരവ്

2 08.05.2021-ലെ 101/ഡി.സി.1/2021/തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

മാലിന്യ നിർമാർജനം തദ്ദേശ സ്ഥാപനങ്ങളുടെ മുഖ്യച്ചുമതല ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്താൻ സംഘടനാ സംവിധാനമായി ഹരിതകർമ സേന രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് പരാമർശം 2 പ്രകാരം വിശദമായ നിർദ്ദേശങ്ങളടങ്ങിയ പരിപത്രവും പുറപ്പെടുവിക്കുകയുണ്ടായി.

2) ഹരിതകർമ സേന സംസ്ഥാനത്തെ മാലിന്യ സമാഹരണ സംസ്കരണ പ്രവർത്തനങ്ങളിലെ മുഖ്യ കണ്ണിയാണ്. ഹരിതകർമ സേന എന്നത് ഒരു സ്വയം തൊഴിൽ സംരംഭമാണ്. അംഗങ്ങൾക്ക് കില മുഖേന പരിശീലനം നൽകുകയും പ്രതിരോധ കുത്തിവയ്പ്പ് അടക്കമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. മാത്രമല്ല, അതിദരിദ്രരോ താരതമ്യേന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരോ ആണ് ഹരിത കർമ്മ സേനകൾ എന്ന നിലയിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ ജീവിത മാർഗം നിഷേധിക്കുക എന്നത് ആശാസ്യകരമല്ല.

3) എന്നാൽ, ഇതിനു വിരുദ്ധമായി, ചില തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിലവിലെ ഹരിത കർമ്മസേന അംഗങ്ങളെ മാറ്റി പകരം പുതിയവരെ ചേർക്കുക, വാതിൽപ്പടി സമാഹരണം നടന്നുകൊണ്ടിരുന്ന സ്ഥലങ്ങളിൽ ആയതിനുള്ള യൂസർ ഫീ ശേഖരിക്കാതിരിക്കുക/ വേണ്ടെന്നു വയ്ക്കുക തുടങ്ങി നിലവിലെ മാലിന്യ മുക്ത പ്രവർത്തനങ്ങളെ തകർക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4) ആയതിനാൽ, സംസ്ഥാനത്തുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സമാഹരണ, സംസ്കരണ പ്രവർത്തനങ്ങളിൽ നിലവിൽ ഏർപ്പെട്ടിട്ടുള്ള ഹരിത കർമ്മ സേന അംഗങ്ങളെ, അവർ സ്വയമേവ താത്പര്യപ്പെടാത്ത പക്ഷം, പ്രസ്തുത പ്രവർത്തനങ്ങളിൽ നിന്നും മാറ്റരുതെന്ന് കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.LSGD-DC1/172/2021-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ .എസ് .കണ്ണൻ

സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിന്സിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറല് (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടര്, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതല് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Banikumar

സെക്ഷൻ ഓഫീസർ.

പകര്പ്പ്:-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്